**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1546** — **01-02-2024 - ൽ മറുപടിയ്ക്ക്**

**തീരദേശവാസികൾക്ക് താമസസ്ഥലത്തിന് പട്ടയം നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തീരദേശവാസികളിൽ താമസസ്ഥലത്തിന് പട്ടയത്തിന് അപേക്ഷ നൽകി വർഷങ്ങളായിട്ടും പട്ടയം ലഭിക്കാത്ത എത്ര കുടുംബങ്ങളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | (see table below) |
| (ബി) | പ്രസ്തുത അപേക്ഷകർക്ക് സമയബന്ധിതമായി പട്ടയം ലഭിക്കുന്നത് ഉറപ്പാക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഏറ്റവും പ്രാധാന്യത്തോടെ നടപ്പാക്കുന്ന കർമ്മ പദ്ധതിയാണ് പട്ടയം മിഷൻ. വിവിധ മേഖലകളിലെ പട്ടയ അപേക്ഷകർക്ക് അടിയന്തര പ്രാധാന്യത്തോടെ പട്ടയം നൽകുന്നതിനായി 19.04.2023 തീയതിയിലെ സ.ഉ.(കൈ) നം.87/2023/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പട്ടയം മിഷൻ രൂപീകരിച്ചിട്ടുണ്ട്. റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാന നിരീക്ഷണ സമിതി, ലാന്റ് റവന്യൂ കമ്മീഷണർ അദ്ധ്യക്ഷനായ സംസ്ഥാന ദൗത്യ സംഘം, ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ ദൗത്യ സംഘം, തഹസിൽദാർ അധ്യക്ഷനായ താലൂക്ക് ദൗത്യ സംഘം, വില്ലേജ് ഓഫീസർ കൺവീനറായ വില്ലേജ് തല വിവര ശേഖരണ സമിതി എന്നിവ അടങ്ങിയതാണ് പട്ടയ മിഷന്റെ ഘടന. പട്ടയ മിഷന്റെ ഭാഗമായി പട്ടയ പ്രശ്നങ്ങൾ നിയോജക മണ്ഡല അടിസ്ഥാനത്തിൽ കണ്ടെത്തി അതിനുള്ള പരിഹാരം കാണുന്നതിനാണ് പട്ടയ അസംബ്ലികൾ നടത്തി വരുന്നത്. തഹസീൽദാരിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ എല്ലാ മണ്ഡലങ്ങളുടേയും നോഡൽ ഓഫീസർമാരായി നിയമിക്കുകയും അതാത് നിയോജക മണ്ഡലത്തിലെ എം.എൽ.എ. മാരുടെ അധ്യക്ഷതയിൽ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേയും ജനപ്രതിനിധികളേയും ബന്ധപ്പെട്ട |

| ക്രമ.നം. | ജില്ല | പട്ടയത്തിന് അപേക്ഷ നൽകിയിട്ടുള്ളവരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 1961 |
| 2 | കൊല്ലം | 687 |
| 3 | ആലപ്പുഴ | 332 |
| 4 | എറണാകുളം | 48 |
| 5 | തൃശ്ശൂർ | 84 |
| 6 | മലപ്പുറം | 1091 |
| 7 | കോഴിക്കോട് | 298 |
| 8 | കണ്ണൂർ | 1 |
| 9 | കാസർഗോഡ് | 95 |

ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി പട്ടയ അസംബ്ലി കൂടാൻ ജില്ലകൾക്ക് നിർദ്ദേശം നൽകിയിരുന്നു. സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലേയും പട്ടയ അസംബ്ലികൾ കൂടി പട്ടയ വിഷയങ്ങൾ ഡാഷ് ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അർഹരായ മുഴുവൻ ഭൂരഹിതർക്കും സമയബന്ധിതമായി പട്ടയ വിതരണത്തിനുള്ള തുടർനടപടികൾ താലൂക്ക് തലത്തിൽ കൈക്കൊള്ളുവാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിന്റെ പുരോഗതി ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ പട്ടയമിഷൻ സെൽ വിലയിരുത്തുന്നുണ്ട്.

നിയമപ്രകാരം പട്ടയം നൽകുന്നതിനു തടസ്സങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാന തലത്തിൽ ക്രോഡീകരിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടലിന്റെ (പട്ടയം ഡാഷ് ബോർഡ്) പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്രിൻസിപ്പൽ സെക്രട്ടറി, ലാന്റ് റവന്യൂ കമ്മീഷണർ എന്നിവർ പങ്കെടുത്ത പട്ടയം ഡാഷ് ബോർഡ് അദാലത്തുകൾ നടത്തിയിട്ടുണ്ട്. പ്രസ്തുത പ്രശ്നങ്ങൾ സംസ്ഥാനതലത്തിൽ പരിശോധിച്ച ശേഷം ആയത് പരിഹരിക്കുന്നതിന് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്കു നൽകി വരുന്നു. അതോടൊപ്പം എല്ലാ ആഴ്ചയിലും റവന്യൂ മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന് വരുന്ന റവന്യൂ സെക്രട്ടേറിയേറ്റിൽ പ്രവർത്തനങ്ങൾ വിലയിരുത്തി വരുന്നു.

തീരദേശവാസികളുടെ പട്ടയത്തിന് കൂടി മുൻഗണന നൽകിയാണ് നിലവിലുള്ള പട്ടയമിഷൻ പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നത്. സർവ്വെയ്ഡ് ലാന്റിൽ താമസിക്കുന്ന തീരദേശ വാസികൾക്ക് കൈവശ ഭൂമി അളന്ന് തിരിച്ച് നിയമാനുസൃത അകലം പാലിച്ച് പട്ടയം നൽകുന്നതിനുള്ള നടപടിയും അൺസർവെയ്ഡ് ലാന്റിൽ താമസിക്കുന്നവർക്ക് പ്രസ്തുത ഭൂമി കഡാസ്ട്രൽ സർവ്വെയിൽ ഉൾപ്പെടുത്തി സർവ്വെ ചെയ്ത് പട്ടയം അനുവദിക്കാനും നടപടി സ്വീകരിച്ചു വരുന്നു.

(സി) പ്രസ്തുത അപേക്ഷകരിൽ എത്ര പേർക്ക് ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ പട്ടയം നൽകിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

(സി)

| ക്രമ.നം. | ജില്ല | ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ പട്ടയം ലഭിച്ചവരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | പട്ടയം നൽകിയിട്ടില്ല |
| 2 | കൊല്ലം | 98 |
| 3 | ആലപ്പുഴ | പട്ടയം നൽകിയിട്ടില്ല |
| 4 | എറണാകുളം | പട്ടയം നൽകിയിട്ടില്ല |
| 5 | തൃശ്ശൂർ | 40 |
| 6 | മലപ്പുറം | 74 |
| 7 | കോഴിക്കോട് | 19 |
| 8 | കണ്ണൂർ | പട്ടയം നൽകിയിട്ടില്ല |
| 9 | കാസർഗോഡ് | പട്ടയം നൽകിയിട്ടില്ല |

സെക്ഷൻ ഓഫീസർ